(ഇ) ഇക്കാര്യം അന്വേഷണത്തിലാണ് അനാസ്ഥ ഉണ്ടെന്നു കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്.

**കുറഞ്ഞങ്ങാട്ടും കറവൂരും ഉണ്ടായ മദ്യദുരന്തം**

47 (1101) ശ്രീ. കെ. ബാബു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞങ്ങാട്ടും കറവൂരും മദ്യദുരന്തമുണ്ടായത് സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ;

(ബി) എക്സൈസ് ഉദ്യോഗസ്ഥന്മാരെ ഈ കേസിലെ പ്രതികളാക്കിയിട്ടുണ്ടോ ;

(സി) ഈ കേസ്സിലെ പ്രതികളുടെമേൽ കൊലക്കുറ്റത്തിന് കേസ് ചാർജ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേസെടുത്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) കാസർകോട് ജില്ലയിലുണ്ടായ മദ്യ ദുരന്തത്തിൽ 304 ഐ.പി.സി. പ്രകാരം കുറ്റകരമായ നരഹത്യയ്ക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ ലേലം ചെയ്യുവാൻ നടപടി**

48 (1102) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷത്തെ എക്സൈസ് ലേലത്തിൽ ഇതുവരെ എത്ര കള്ളുഷാപ്പുകൾ ലേലത്തിൽ പോയിട്ടുണ്ട് ;

(ബി) ഇനി എത്രയെണ്ണം ലേലം ചെയ്തു നൽകാനുണ്ട് ;

(സി) ഈ വർഷത്തെ ലേലത്തിന്റെ ആകെ വരുമാനം എത്ര ;

(ഡി) ഇതു കഴിഞ്ഞ വർഷത്തെ വരുമാനത്തേക്കാൾ കൂടുതൽ ആണോ എങ്കിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ ഇനി ലേലം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കള്ളുഷാപ്പുകൾക്ക് ലേലമില്ല. ഇതുവരെയായി 3952 ഷാപ്പുകൾ വില്പന നടത്തിയിട്ടുണ്ട്.

(ബി) 404 ഷാപ്പുകൾ ഇനി വില്പന നടത്താനായി അവശേഷിക്കുന്നു.

(സി) 20,24,93,072 കോടി രൂപ

(ഡി) കൂടുതലാണ്. എല്ലാ ഷാപ്പുകളും വില്പന നടന്നതിന് ശേഷമേ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ഇ) വില്പനയിൽ പോകാതെ അവശേഷിക്കുന്ന കള്ള് ഷാപ്പുകൾ എല്ലാം തന്നെ അംഗീകൃത കള്ള് ഷാപ്പ് തൊഴിലാളികളുടെ കമ്മിറ്റികൾക്ക് ഷാപ്പ് ഒന്നിന് 500 രൂപ റെന്റിൽ ഫിക്സ് ചെയ്ത് കൊടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## പുതുതായി അനുവദിച്ച മദ്യവില്പന ശാലകൾ

49 (1103) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻമത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര മദ്യവില്പന ശാലകൾ ആരംഭിച്ചു എന്നു വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ കള്ളുഷാപ്പുകൾ വിദേശമദ്യഷാപ്പുകൾ എന്നിവയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ നൽകാമോ ;

(സി) സംസ്ഥാനത്ത് പുതിയ മദ്യഷാപ്പുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 106 വിദേശ മദ്യ ഷാപ്പുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly